(ബി) ഡി.പി.സി.യും ഡി.പി.ബി.യും കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസമാണ് ഒഴിവുകൾ നികത്താൻ കഴിയാതിരുന്നത്.

(സി) നിലവിലുണ്ട്.

(ഡി) അറിവുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

67 (2252) പോലീസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെന്റ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി പോലീസ് വകുപ്പ് എത്ര കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്;

(സി) ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഇപ്രകാരം വാങ്ങിയ കമ്പ്യൂട്ടർ എല്ലാം ഏതെല്ലാം ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്;

(ഇ) ഇവയിൽ പല കമ്പ്യൂട്ടറുകളും പ്രവർത്തിക്കാതെ ഉപയോഗശൂന്യമായി കൊണ്ടിരിക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. പോലീസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഇതിലേക്കായി 93-'95 കാലയളവിൽ വിവിധ ഇനത്തിൽപ്പെട്ട 137 കമ്പ്യൂട്ടറുകളും ബന്ധപ്പെട്ട ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

(സി) ആകെ ഒരു കോടി ഇരുപത്തി മൂന്നുലക്ഷത്തി മുപ്പത്തയ്യായിരം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം വാങ്ങിയ കമ്പ്യൂട്ടറുകൾ പോലീസ് ആസ്ഥാനത്തും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സി.ബി.സി. ഐ.ഡി., എസ്.സി., സി.ഐ.ഡി. എന്നീ യൂണിറ്റുകളിലും കേന്ദ്ര ഓഫീസിലും ജില്ലാ ഓഫീസുകളിലും എസ്.സി. ആർ.ബി., എ.പി. ബറ്റാലിയൻ എഫ്.എസ്.എൽ., ടെലികമ്മ്യൂണിക്കേഷൻ, വനിതാ സെൽ കൺട്രോൾ റൂമുകൾ എന്നിങ്ങനെയുള്ള സ്പെഷ്യൽ യൂണിറ്റുകൾ അടക്കമുള്ള 137 സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു.

(ഇ) ഇല്ല. കമ്പ്യൂട്ടറുകൾക്ക് തകരാറുകൾ സംഭവിച്ചാൽ അപ്പപ്പോൾ തന്നെ തകരാറുകൾ മാറ്റി പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

68 (2253) എം.എസ്.പി. ബറ്റാലിയനിൽ നൽകുന്ന യാത്രാബത്ത

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(എ) എം.എസ്.പി. ബറ്റാലിയനിലെ സബ് ഇൻസ്പെക്ടർമാർക്ക് ഇപ്പോൾ എത്ര രൂപ വീതമാണ് പ്രതിമാസം ടി.എ/ഡി.എ. നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ മറ്റു ബറ്റാലിയനുകളിലെ എസ്.ഐ. മാർക്ക് എത്ര രൂപ വീതമാണ് പ്രതിമാസം യാത്രാബത്ത അനുവദിക്കുന്നത്;

(സി) എം.എസ്.പി. ബറ്റാലിയനിലെ എസ്.ഐ.മാർക്ക് മാത്രം ഇതര യൂണിറ്റുകളിലെ എ.പി.എസ്.ഐ. മാർക്ക് നൽകുന്ന റേറ്റിൽ യാത്രാബത്ത അനുവദിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ എ.പി.എസ്.ഐ.മാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനുള്ള പൊതുമാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതര യൂണിറ്റുകളിൽ യാത്രാബത്ത നൽകുന്നതുപോലെ എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ. മാർക്ക് യാത്രാ ബത്ത അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

69 (2254) ശിവഗിരിയിലെ പോലീസ് നടപടിയെപ്പറ്റിയുള്ള അന്വേഷണം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിവഗിരിയിലെ പോലീസ് ലാത്തിചാർജ്ജിനെപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കമ്മിഷനെ എന്നാണ് നിയമിച്ചതെന്നും കാലാവധി എത്ര മാസം ആയിരുന്നുവെന്നും എത്രതവണ കാലാവധി നീട്ടിക്കൊടുത്തുവെന്നും വെളിപ്പെടുത്താമോ;

(സി) കമ്മിഷന്റെ ശമ്പളം അഥവാ ഹോണറേറിയം, ഡി.എ, ടി.എ., ഓഫീസ് ചെലവുകൾ, സ്റ്റാഫിന്റെ ശമ്പളം എന്നീ വിഭാഗത്തിൽ ഓരോന്നിനും ഇതിനോടകം എത്ര രൂപ ചെലവായെന്ന് വെളിപ്പെടുത്താമോ;

(ഡി) റിപ്പോർട്ടിലെ നിഗമനങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) 5.10.96 ലെ സർക്കാർ വിജ്ഞാപനപ്രകാരം നിയമിക്കപ്പെട്ട ശ്രീ. ജസ്റ്റീസ് വി. ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ കാലാവധി ആദ്യം 5.10.96 മുതൽ മൂന്നുമാസത്തേക്കായിരുന്നു. തുടർന്ന് 10 തവണകളായി കമ്മീഷന്റെ കാലാവധി 4.9.99 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) 1) കമ്മിഷന്റെയും സ്റ്റാഫിന്റെയും ശമ്പളം - 28,28,488/-(ഇരുപത്തിയെട്ടുലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നാനൂറ്റിയെൺപത്തി എട്ട് രൂപ

2) കമ്മീഷന്റെയും സ്റ്റാഫിന്റെയും ടി.എ. ഡി.എ. എന്നിവ - 86,213/-(എൺപത്തി ആറായിരത്തി ഇരുന്നൂറ്റി പതിമൂന്നു രൂപ)

406/2010.

LIBRARY ARCHIVES Kerala Legislative Assembly